പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*137 06-03-2020-ലെ മറുപടിയ്ക്ക്

**കാർഷിക മേഖലയിൽ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.പി. സജീന്ദ്രൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ.വി.ടി. ബൽറാം** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | പ്രകൃതിക്ഷോഭവും കാർഷിക വിളകളുടെ വിലയിലുണ്ടാകുന്ന വ്യതിയാനങ്ങളും കാർഷിക മേഖലയുടെ പ്രവർത്തനത്തെയാകെ ദോഷകരമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | **(എ)** | പ്രകൃതിക്ഷോഭവും കാർഷിക വിളകളുടെ വിലയിലുണ്ടാകുന്ന വ്യതിയാനങ്ങളും കാർഷിക മേഖലയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2018-19 ലെ പ്രകൃതിക്ഷോഭം മൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19001.84 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. 2019-ലെ വരൾച്ചയിലും വേനൽമഴയിലുമായി 2562 ഹെക്ടർ കൃഷി നശിക്കുകയും 82 കോടി രൂപയുടെ നഷ്ടമുണ്ടാകുകയും ചെയ്തിട്ടുണ്ട്. 2019-20 ലെ പ്രകൃതിക്ഷോഭം മൂലം 01.06.2019 മുതൽ 02.03.2020 വരെ 2268.53 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്.<br>വില വ്യതിയാനം എല്ലാ കാലത്തും കാർഷികോൽപ്പന്നങ്ങൾ നേരിടുന്ന പ്രശ്നമാണ്. വിലയിൽ ഉണ്ടാകുന്ന കുറവ് സ്വാഭാവികമായും കർഷകരെ ദോഷകരമായി ബാധിക്കുന്ന ഘടകമാണ്. ഈ പ്രവണതയെ നിയന്ത്രിക്കുന്നതിന് കൃഷി വകുപ്പ് കാര്യക്ഷമമായി വിപണിയിൽ ഇടപെട്ടുവരുന്നുണ്ട്. |
| **(ബി)** | സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ കാർഷിക മേഖലയുടെ പങ്ക് കുറഞ്ഞുവരികയാണെന്നത് വസ്തുതയാണോ; ഇത് കാർഷിക സമ്പദ് വ്യവസ്ഥാ സംസ്ഥാനം എന്നതിൽ നിന്നുള്ള വ്യതിയാനത്തെയാണോ സൂചിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; | **(ബി)** | കാർഷിക വിളകളുടെ 2014-15 വർഷം മുതൽ 2018-19 വർഷം വരെയുള്ള മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ വിഹിതം കാർഷിക മേഖലയുടെ പങ്ക് കുറഞ്ഞു വരുന്നതാണെന്നുള്ള വസ്തുതയെ സൂചിപ്പിക്കുന്നു. |
| **(സി)** | കൃഷിഭൂമിയുടെ വിസ്തൃതി വർഷംതോറും കുറഞ്ഞുവരുന്ന | **(സി)** | ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ |

<table>
<tr>
<td></td>
<td>സാഹചര്യത്തിൽ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനായി കൃഷിയിലെ ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;</td>
<td></td>
<td>ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്ക് പുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായി ഗുണമേന്മയുള്ള ഉല്പാദനോപാധികൾ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് ശ്രദ്ധിക്കുന്നു. കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക രംഗത്തെ സാങ്കേതിക വിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു.</td>
</tr>
<tr>
<td>(ഡി)</td>
<td>കാർഷിക മേഖലയിൽ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് 2018-19 ൽ അതിനു മുൻവർഷത്തെ അപേക്ഷിച്ച് നെഗറ്റീവ് ആയി എന്നത് ഈ മേഖലയിൽ ഉണ്ടായ തളർച്ചയുടെ പ്രതിഫലനമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?</td>
<td>(ഡി)</td>
<td>കഴിഞ്ഞ ഏതാനും വർഷങ്ങളിലെ കാർഷിക വളർച്ചാ നിരക്ക് താഴെ പറയും പ്രകാരമാണ്.
<table>
<tr><th>വർഷം</th><th>വളർച്ചാ നിരക്ക്</th></tr>
<tr><td>2012-13</td><td>1.43</td></tr>
<tr><td>2013-14</td><td>-6.43</td></tr>
<tr><td>2014-15</td><td>0.02</td></tr>
<tr><td>2015-16</td><td>-5.1</td></tr>
<tr><td>2016-17</td><td>0.65</td></tr>
<tr><td>2017-18</td><td>1.72</td></tr>
<tr><td>2018-19</td><td>-0.52</td></tr>
</table>
2013-14 ൽ വളർച്ചാ നിരക്ക് -6.43 ശതമാനവും 2014-15 ൽ 0.02 ശതമാനവും 2015-16 ൽ -5.10</td>
</tr>
</table>

| | | | |
|---|---|---|---|
| | | | ശതമാനവും ആയിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിലെത്തിയ ഉടൻ തന്നെ സ്വീകരിച്ച നടപടികളെ തുടർന്ന് കാർഷിക മേഖലയിൽ ഉണർവ്വുണ്ടാകുകയും വളർച്ചാ നിരക്ക് പോസിറ്റീവ് ആകുകയും ചെയ്തു. 2016-17 ൽ 0.65 ശതമാനവും 2017-18 ൽ 1.72 ശതമാനവും ആയി വർദ്ധിച്ചു. 2017 അവസാനം ഉണ്ടായ കൊടിയ വരൾച്ച, ഓഖി ചുഴലിക്കാറ്റ് എന്നിവ മൂലം വ്യാപകമായ കൃഷിനാശം ഉണ്ടാവുകയും 2018 ൽ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാപ്രളയവും 2019-ൽ ഉണ്ടായ തുടർ പ്രളയവും നിമിത്തം കാർഷികോത്പാദനത്തിൽ ഗണ്യമായ കുറവുണ്ടാവുകയും അടിസ്ഥാന മേഖലയിൽ ഉൾപ്പെടെ കാര്യമായ നാശനഷ്ടം ഉണ്ടാവുകയും ചെയ്തു. പ്രളയം മൂലം മാത്രം 21250 കോടി രൂപയുടെ നാശനഷ്ടം ആണ് ഉണ്ടായിട്ടുള്ളത്. കൃഷിനാശവും കേന്ദ്രനയം മൂലം വാണിജ്യത്തോട്ടവിളകൾക്ക് പ്രത്യേകിച്ച് റബ്ബറിനുണ്ടായ വിലത്തകർച്ചയും മൂലം മൊത്തം കാർഷിക വരുമാനത്തിൽ കുറവുണ്ടാവുകയും ഇതുമൂലം 2018-19 ലെ വളർച്ചാ നിരക്കിൽ നേരിയ തോതിലുള്ള കുറവുണ്ടാവുകയും ചെയ്തു. കർഷക ക്ഷേമം ഉറപ്പാക്കുന്നതിനും കൃഷി ചെയ്യുന്നതിനുള്ള സഹായം യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിനും ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചതിനെ തുടർന്നാണ് കാർഷിക മേഖലയിലെ പ്രതിസന്ധിയെ അതിജീവിക്കാൻ സാധിച്ചത്. |

**സെക്ഷൻ ഓഫീസർ**